കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 2020-21-ലെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 2.5 കോടി രൂപ വകയിരുത്തിയിരുന്നു. 29-12-2020-ലെ സ.ഉ.(സാധാ) നമ്പർ 455/2020/ഗതാ. നമ്പർ ഉത്തരവ് പ്രകാരം 44,54,324 രൂപ 5075-60-800-62 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്. അതോറിറ്റി ഇതുവരെ പിഴയിനത്തിൽ യാതൊരു തുകയും സമാഹരിച്ചിട്ടില്ല.

**എടത്വയിൽനിന്നും ഇന്റർസ്റ്റേറ്റ് സർവ്വീസ് ആരംഭിക്കാൻ നടപടി**

173 (2893) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വയിൽനിന്നും അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അയൽ സംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർ സംസ്ഥാന കരാറുകളിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലെ കരാറുകളിൽ എടത്വ ഡിപ്പോയിൽനിന്ന് അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത ഡിപ്പോയിൽനിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) എടത്വ, ചക്കുളത്തുകാവ് തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൂടുതൽ ബസ് സർവീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ എടത്വ ഡിപ്പോയിൽനിന്നും ചക്കുളത്തുകാവ്, തിരുവല്ല, കോട്ടയം, തൃശ്ശൂർ വഴി ഗുരുവായൂരിലേയ്ക്ക് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പാറശ്ശാല ഡിപ്പോയിൽ നിന്നും തിരുവനന്തപുരം, കൊല്ലം, എടത്വ വഴി ചക്കുളത്തുകാവിലേയ്ക്ക് സർവ്വീസുണ്ട്. കൂടാതെ ആലപ്പുഴ, തിരുവല്ല, എടത്വ, ഹരിപ്പാട് എന്നിവിടങ്ങളിൽനിന്നും ചക്കുളത്തുകാവ് വഴി നിരവധി സർവ്വീസുകൾ ഇപ്പോൾ നടത്തുന്നുണ്ട്. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**പൊതു യാത്രാവാഹനങ്ങളെ ആശ്രയിക്കുന്നതിന് നടപടി**

174 (2894) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു യാത്രാവാഹനങ്ങളെ കൂടുതലായി ആശ്രയിക്കുകയും അപ്രകാരം ഇന്ധനത്തിന്റെ ഉപയോഗവും വാഹനാപകടങ്ങളും കുറയ്ക്കുകയും ചെയ്യുന്നതിനുവേണ്ടി എന്തൊക്കെ പരിപാടികൾ സർക്കാർ നടത്തിവരുന്നുണ്ട്; വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ക്ലാസ് A/C സർവ്വീസുകളിലും ജൻറം A/C ബസുകളിലും മൾട്ടി ആക്സിൽ ബസ്സുകളിലും യാത്രക്കാരെ കൂടുതലായി ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് നിരക്ക് വർദ്ധനയുടെ ഭാരം ലഘൂകരിക്കുന്നതിനായി ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ കേരളത്തിനുള്ളിൽ സൂപ്പർ ഫാസ്റ്റ് മുതലുള്ള സൂപ്പർക്ലാസ് സർവ്വീസുകളിൽ 3-11-2020 മുതൽ 25 ശതമാനവും 25-11-2020 മുതൽ ലോഫ്ളോർ A/C സർവ്വീസുകൾക്ക് 25 ശതമാനവും 10-2-2021 തീയതിയായി മൾട്ടിആക്സിൽ A/C സർവ്വീസുകൾക്ക് 30 ശതമാനവും യാത്രാ ചാർജ്ജിൽ നിരക്കിളവ് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ വാഹനാപകടം കുറയ്ക്കുന്നതിന്റെ ഭാഗമായി ക്രൂ ചെയിഞ്ച് സംവിധാനം നടപ്പിലാക്കുകയും ക്രൂവിന് മതിയായ വിശ്രമം ലഭ്യമാക്കുകയും ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.യിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോണുകളായി തരംതിരിച്ച് ഫ്യൂൽ സെൽ ഡിവിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ഫ്യുവൽ സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിപ്പോതലത്തിൽ ഇന്ധനക്ഷമത കുറവുള്ള ബസ്സുകൾ കണ്ടെത്തി പരിഹാര നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിപ്പോരുന്നു. ഇതോടൊപ്പംതന്നെ ഡിപ്പോതലത്തിൽ ഡ്രൈവർമാർക്ക് കൃത്യമായ ഇടവേളകളിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, കൗൺസിലിംഗ് എന്നിവ നൽകിപ്പോരുന്നു. കൂടാതെ പൊതുമേഖലാ എണ്ണ കമ്പനികളുടെ സഹകരണത്തോടെ ഡിപ്പോകളിലെ ഡീസൽ പമ്പുകളിൽ ഓട്ടോമൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. ഇതുവഴി ബസുകളിൽ നിറയ്ക്കുന്ന ഡീസൽ, ഉപഭോഗം, ഇന്ധനക്ഷമത എന്നിവ നേരിട്ട് ഓൺലൈനായി ലഭിക്കുന്നതിനുള്ള സൗകര്യമുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി കെ.എസ്.ആർ.ടി.സി ബസുകളുടെ ഇന്ധനക്ഷമത ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി M/s. KUDSIT-നെ ഏല്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുപൂർണ്ണമായും നടപ്പിലാക്കിക്കഴിയുമ്പോൾ ബസ് utilization, mileage, service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാനും സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കിക്കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകൾമൂലമുണ്ടാകുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരും SCT എഞ്ചിനീയറിംഗ് കോളേജ്, ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്, നാറ്റ്പാക് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി യോഗം ചേർന്ന് അപകടങ്ങൾ കുറയ്ക്കുന്ന തിനുള്ള നടപടികൾ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ പരിഹാര നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതിനുപുറമേ അപകടങ്ങൾ കുറയ്ക്കുന്നതിലേയ്ക്കായി റോഡ് സേഫ്റ്റി ആൻഡ് ആക്സിഡന്റ് റിഡക്ഷൻ എന്ന ഒരു പ്രോജക്ട് നടപ്പിലാ ക്കുന്നതിനായി ഒരു വിശദമായ പ്രൊപ്പോസലും ആയതിലേയ്ക്കായി 42 കോടി രൂപയുടെ ഫണ്ടും അനുവദിക്കുന്നതിലേയ്ക്കായി കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ**

175 (2895) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷന് ആധാർ നിർബന്ധിത തിരിച്ചറിയൽ രേഖയായി നിഷ്കർഷിക്കുന്നുണ്ടോ?

പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി ആധാർ ഒരു തിരിച്ചറിയൽ രേഖയായി സ്വീകരിക്കാമെങ്കിലും നിർബന്ധിത തിരിച്ചറിയൽ രേഖയായി നിഷ്കർഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly